പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3007 — 07.12.2018 ൽ മറുപടിയ്ക്ക്.

## നരിപ്പറ്റ ഐ.ടി.ഐ. യ്ക്ക് കെട്ടിട നിർമ്മാണം

*ചോദ്യം* — *ഉത്തരം*

ശ്രീ.ഇ.കെ.വിജയൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ ഐ.ടി.ഐ. യ്ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് വിട്ട് കൊടുത്ത സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) യും (ബി) യും കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ നരിപ്പറ്റ വില്ലേജിൽ സർവ്വെ നം.99/1 (റീ-സർവ്വെ 101/4 B) ൽ പ്പെട്ട 2 ഏക്കർ സ്ഥലം നരിപ്പറ്റ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് നൽകുന്നതിന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) കെട്ടിട നിർമ്മാണത്തിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എന്നറിയിക്കാമോ? | (സി) യും (ഡി) യും സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക വകയിരുത്തുന്നതിനും കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള തുടർനടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ